# സ്വാമി വിവേകാനന്ദനും മാനവികതയും

ലിജി.ടി
ഗസ്റ്റ് ലക്ചറർ
എം.ഇ.എസ്. അസ്മാബി
കോളേജ്
മലയാളം ഡിപ്പാർട്ട്മെന്റ്

## ആമുഖം

19-ാം നൂറ്റാണ്ടിലെ ഭാരതീയ നവോത്ഥാന ചിന്തകളിൽ ഏറ്റവും പുരോഗമനാത്മകമായ പങ്കുവഹിച്ചത് സ്വാമി വിവേകാനന്ദനാണ്. അദ്ദേഹം മതത്തെക്കാളും മനുഷ്യനാണ് പ്രാധാന്യം കൊടുത്തിരുന്നത് വിവേകാനന്ദന്റെ ചിന്തകളെ ബലപ്പെടുത്തിയിരുന്നത് ഗുരുവായിരുന്ന ശ്രീരാമകൃഷ്ണൻ ആയിരുന്നു. 'എല്ലാ മതങ്ങളും ഒരേ വൃക്ഷത്തിന്റെ ശാഖകളാണെന്ന ഒരു പുതിയ തത്ത്വശാസ്ത്രവുമായി രംഗത്തുവരുകയും ഒരേ സ്വർണ്ണത്തിൽ നിന്ന് വ്യത്യസ്തപേരുകളോടുകൂടിയ ആഭരണങ്ങൾ ഉണ്ടാക്കുന്നതുപോലെയാണ് നമ്മുടെ ഈശ്വരൻ. വ്യത്യസ്ത കാലങ്ങളിലും വ്യത്യസ്ത രാജ്യങ്ങളിലും പലതരത്തിൽ പൂജിക്കപ്പെടുന്നു. ചിലർ അവനെ പിതാവ് എന്നും ചിലരാകട്ടെ മാതാവ് എന്നും വിളിക്കുന്നു. എന്നാൽ ഈ വ്യത്യസ്ത രീതികളിലും വ്യത്യസ്ത രൂപങ്ങളിലും പൂജിക്കപ്പെടുന്നത് ഒരേ ദൈവമാണ്. മതം ദൈവത്തിലേക്കുള്ള മാർഗ്ഗം മാത്രമാണ്. എല്ലാ മതങ്ങളുടെയും സാരാംശം ഒന്നുതന്നെയാണ്. ദൈവമാണ് എല്ലാ മതങ്ങളുടെ ലക്ഷ്യം. മതവ്യത്യാസങ്ങളുടെ പേരിൽ ഭിന്നിപ്പിച്ചുനിൽക്കുന്നത് തെറ്റാണെന്നും ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ഈ ചിന്തകളെല്ലാമാണ് വിവേകാനന്ദനെയും സ്വാധീനിച്ചത്. അതിനാലാണ് ഗുരുവിന്റെ സന്ദേശം ലോകമെമ്പാടും പ്രചരിപ്പിച്ചതും. ജനങ്ങളുടെ ഭൗതികവും മാനസികവും ആത്മീയവുമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ 'രാമകൃഷ്ണ മിഷൻ' എന്ന സംഘടന വിവേകാനന്ദൻ രൂപവൽക്കരിച്ചതും. വിഭാഗീയതകൾ തീണ്ടാത്ത ഒരു സംഘടനയെയാണ് വിവേകാനന്ദൻ വിഭാവനം ചെയ്തതും.

ISSN 2278 - 750 X

# Meridian

Research Journal Special Issue

PROCEEDINGS OF
UGC SPONSORED NATIONAL SEMINAR ON

ज्ञान - विज्ञान विमुक्तये

# PHILOSOPHY OF SWAMI VIVEKANANDA IN TODAY'S EDUCATION

**3rd and 4th December 2014**



Jointly Organized by :

**DEPARTMENT OF ARABIC, HINDI & MALAYALAM**

## M.E.S. ASMABI COLLEGE

(RE- ACCREDITED BY NAAC WITH 'A' GRADE)
P. VEMBALLUR (P. O.), KODUNGALLUR,
THRISSUR, PIN : 680 671, KERALA

In Collaboration with

**VIVEKANANDAKENDRA VEDIC VISION FOUNDATION**

ANANDHADHAM, KODUNGALLUR

www.mesasmabi.com